# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 385 — 15.07.2015-ൽ മറുപടിക്ക്

## പേവിഷ വാക്സിൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. കെ. രാധാകൃഷ്ണൻ :<br>,, സാജു പോൾ :<br>,, റ്റി. വി. രാജേഷ് : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പേവിഷ ബാധ ഏൽക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്ത് 2013 -ൽ 88,172 പേർക്കാണ് പട്ടികടി ഏറ്റത്. അതിൽ 11 പേർ പേവിഷബാധ മൂലം മരിച്ചു. 2014 -ൽ പട്ടികടി ഏറ്റവരുടെ എണ്ണം 1,19,191 ആയി വർദ്ധിച്ചു. ഇതിൽ 10 പേർ പേവിഷ ബാധമൂലം മരിച്ചു. 2015 -ൽ മെയ് അവസാനം വരെ 42,712 പേർക്ക് പട്ടികടി ഏറ്റതിൽ 5 പേർ പേവിഷ ബാധമൂലം മരിച്ചിട്ടുണ്ട്. |
| (ബി) പേവിഷ വാക്സിന്റെ അഭാവംമൂലം സർക്കാർ ആശുപത്രിയിലെത്തുന്ന ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) പേവിഷ വാക്സിൻ പര്യാപ്തമായ അളവിൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (സി) | സർക്കാർ ആശുപത്രികളിലേക്ക് ആവശ്യമായ പേവിഷ വാക്സിന്റെയും സീറത്തിന്റെയും സംഭരണവും വിതരണവും നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. പേവിഷ വാക്സിൻ, സീറം എന്നിവയുടെ വാർഷിക ഇന്റൻഡ് ജില്ലകളിൽ നിന്ന് സമാഹരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് പേവിഷ ബാധ ഏൽക്കുന്നവരുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ പേവിഷ വാക്സിൻ ലഭ്യമല്ലാതായപ്പോൾ എച്ച്.ഡി.എസ് ഫണ്ട്, മറ്റ് അനുബന്ധ ഫണ്ടുകൾ എന്നിവ വിനിയോഗിച്ച് ആയത് വാങ്ങി വിതരണം ചെയ്യുന്നതിന് സർക്കാർ മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പാൾ/സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>നിലവിൽ പേവിഷ വാക്സിൻ എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യത്തിന് ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ